പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1370** **14. 06. 2013-** ലെ മറുപടി

<u>നിതാഖത്ത് വ്യവസ്ഥമൂലം കേരളത്തിലെ പ്രവാസികൾക്കുണ്ടായ പ്രശ്നങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദി അറേബ്യ നടപ്പിലാക്കിയ നിതാഖത്ത് വ്യവസ്ഥമൂലം കേരളത്തിലെ പ്രവാസികൾക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഗൾഫ് നാടുകളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശിവത്കരണം കർശനമാക്കിയതിനെത്തുടർന്ന് നാട്ടിലേക്ക് തിരികെപോവേണ്ടതായിവരുന്ന മലയാളികൾക്ക് നോർക്ക വകുപ്പ് താഴെപ്പറയുന്ന സഹായങ്ങൾ ചെയ്തുവരുന്നു.<br>• കേരളത്തിലെ എല്ലാ എയർപോർട്ടുകളിലും നോർക്ക സഹായക കേന്ദ്രങ്ങൾ ആരംഭിച്ചു.<br>• പ്രസ്തുത സഹായക കേന്ദ്രങ്ങളിൽ തിരികെയെത്തുന്നവരുടെ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത ഫാറത്തിൽ പ്രവാസികൾക്ക് വിവരങ്ങൾ രേഖപ്പെടുത്തി സഹായക കേന്ദ്രങ്ങളിൽ ഏൽപ്പിക്കാവുന്നതാണ്. തിരികെയെത്തുന്നവരുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് ഈ വിവരങ്ങൾ പ്രയോജനപ്പെടുത്തുന്നതാണ്.<br>• സ്വദേശിവത്കരണം കർശനമാക്കിയതുമൂലം തിരികെ നാട്ടിലേയ്ക്ക് മടങ്ങിവരേണ്ടിവരുമെന്ന് കരുതുന്ന സൗദിയിലുള്ള മലയാളികൾക്ക് അവരുടെ സംശയങ്ങളുടെ ദുരീകരണത്തിനും, എംബസ്സിയുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ, പുനരധിവാസം, എയർപോർട്ടിലെ ക്രമീകരണങ്ങൾ എന്നിവ 24 മണിക്കൂറും ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ നോർക്ക കോൾ സെന്ററിന്റെ പ്രവർത്തനം 24 X 7 യായി ദീർഘിപ്പിച്ചു. |

കൺവീനറായും ഒരു നിയമസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി INKEL ചെയർമാൻ അദ്ധ്യക്ഷനായും നോർക്ക വകുപ്പ് സെക്രട്ടറി കൺവീനറായും 10 അംഗങ്ങൾ അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ ശാസ്ത്ര സാങ്കേതിക കച്ചവട തൊഴിൽ മേഖലകളെ വിശകലനം ചെയ്തുകൊണ്ട് ദീർഘ വീക്ഷണത്തോട് കൂടിയ പുനരധിവാസ പദ്ധതികൾ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തി. ഈ സമിതി പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ